പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2254**

18.07.2016-ൽ മറുപടിക്ക്

# പാവപ്പെട്ടവർക്കായുള്ള ഭവന നിർമ്മാണ പദ്ധതി

**ചോദ്യം**

ശ്രീ. ബി.ഡി. ദേവസ്സി
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. കെ. ബാബു
,, പി.വി. അൻവർ

(എ) മുൻസർക്കാർ പ്രഖ്യാപിച്ച, പാവപ്പെട്ടവർക്കായുള്ള ഭവന നിർമ്മാണ പദ്ധതികളുടെ വിശദാംശം അറിയിക്കുമോ; ഈ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

**ഉത്തരം**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ഭവന രഹിതർക്കായി സംസ്ഥാനത്ത് ഭവന നിർമ്മാണ ബോർഡ് മുഖേന ഭവന നിർമ്മാണ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഗൃഹശ്രീ ഭവന പദ്ധതി

സംസ്ഥാനത്ത് ഭവന രഹിതരായ സ്വന്തമായി 2 സെന്റ്/ 3 സെന്റ് ഭൂമിയുള്ള ദുർബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗത്തിൽ പ്പെട്ടവർക്ക് സന്നദ്ധസംഘടന/കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ വീട് ലഭ്യമാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ 2 ലക്ഷം രൂപ സർക്കാർ സബ്സിഡി ലഭ്യമാക്കുന്നതാണ് ഗൃഹശ്രീ ഭവന പദ്ധതി.

ഗുണഭോക്താക്കളുടെ ഭാഗത്ത് നിന്നും തിരിച്ചടവില്ലാത്ത പദ്ധതിയായതിനാൽ നടപടിക്രമങ്ങൾ പരമാവധി ലഘൂകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയിൽ കഴിഞ്ഞ 3 വർഷം കൊണ്ട് ഏകദേശം 2700 ഓളം ഭവനരഹിതർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

സാഫല്യം ഭവന പദ്ധതി

ദുർബലവിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവന രഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയോടുകൂടിയും പഞ്ചായത്തുകളുടേയും സന്നദ്ധസംഘടന/കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെയും ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുക എന്നതാണ് സാഫല്യം ഭവന പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. ഹഡ്കോ വായ്പ സമാഹരിച്ച കൊണ്ടാണ് പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്നത്. എന്നാൽ ഹഡ്കോ വായ്പ സമാഹരിക്കാർ കഴിയാതെ വന്ന സാഹചര്യത്തിൽ ടി തുക പഞ്ചായത്ത് വിഹിതമായി ലഭ്യമാക്കുന്ന പഞ്ചായത്തുകളിൽ മാത്രമാണ് നിലവിൽ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയിലൂടെ 312 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നുവെങ്കിലും പഞ്ചായത്തുകളുടെ നിസ്സഹകരണംമൂലം പല പദ്ധതികളും നടപ്പിലാക്കാൻ സാധിയ്ക്കാത്ത അവസ്ഥയാണുള്ളത്. അതിൽ കൊല്ലത്ത് ചാത്തന്നൂരിൽ 48 ഫ്ളാറ്റുകളുടേയും, എറണാകുളത്ത് ചോറ്റാനിക്കരയിൽ 24 ഫ്ളാറ്റുകളുടേയും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കോഴിക്കോട് ചേളന്നൂരിൽ 66 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്.

എല്ലാവർക്കും വീട് പദ്ധതി.

സംസ്ഥാനത്ത് എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഭൂരഹിതരായ ബി.പി.എൽ വിഭാഗത്തിലുള്ള 75,000

കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ടുമെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ/താഴ്ന്ന വരുമാന വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതി പ്രകാരം 22,000 വീടുകളും അനുവദിക്കുന്ന "എല്ലാവർക്കും വീട്" പദ്ധതിയുടെ ഒന്നാംഘട്ടം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി 2 സെന്റ് ഭൂമി സ്വന്തമായുള്ള ബി.പി.എൽ. വിഭാഗത്തിലുള്ളവർക്ക് 7000 വീടുകൾ നിർമ്മിച്ചു നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്

(ബി) ഈ പദ്ധതികൾക്കായി 2015-2016 ബജറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയ പെട്രോൾ, ഡീസൽ എന്നിവയുടെ അധിക വിൽപ്പന നികുതിയിനത്തിൽ എത്ര തുക സമാഹരിച്ചു എന്നും പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചു എന്നും പാവപ്പെട്ടവർക്കായുള്ള ഭവന നിർമ്മാണത്തിനല്ലാതെ മറ്റേതെല്ലാം ആവശ്യത്തിനായി ഇങ്ങനെ സമാഹരിച്ച തുക ഉപയോഗിച്ചിട്ടുണ്ടോ എന്നും വിശദമാക്കുമോ?

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ അധിക വില്പന നികുതിയായി 408.33 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ ജൂൺ 30 വരെ 120.93 കോടി രൂപയും ലഭിച്ചിട്ടുണ്ട്. പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ചുമത്തിയിട്ടുള്ള ഒരു രൂപ അധിക വില്പന നികുതിയുടെ 50% തുക എല്ലാവർക്കും വീട് പദ്ധതിയുടെ ഒന്നാംഘട്ടത്തിന് ആവശ്യമായ റവന്യൂ സമാഹരണത്തിന് മാറ്റിവയ്ക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ലാത്തതിനാൽ തുകയൊന്നും പിൻവലിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ